**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4098** **03-03-2023 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാവേലി സ്റ്റോറുകളാണ് സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയിട്ടുള്ളത്; ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 21 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ പ്രതിമാസ വിൽപ്പനയുടെ അടിസ്ഥാനത്തിൽ (കുറഞ്ഞത് 10 ലക്ഷം) വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടക രഹിതമായോ/വാടക ഇളവിലോ ലഭ്യമാകുന്ന മുറയ്ക്ക്, ആവശ്യമായ സാധ്യതാപഠനം നടത്തിയും വിൽപ്പന സാധ്യത വിലയിരുത്തിയും പ്രവർത്തന നഷ്ടം ഉണ്ടാവില്ല എന്നത് ഉറപ്പ് വരുത്തിയും ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തിക്കൊണ്ട് മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും, കുറഞ്ഞത് 1500 ച.അടി സ്ഥല സൗകര്യം ലഭിക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ ആധുനികമായ ഉപഭോക്തൃ സൗഹൃദ സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തി സൂപ്പർ മാർക്കറ്റുകളായും ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയ മാവേലി സ്റ്റോറുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 5 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 1 |
| കോട്ടയം | 2 |
| ഇടുക്കി | 1 |
| എറണാകുളം | 2 |
| തൃശ്ശൂർ | 0 |
| പാലക്കാട് | 3 |
| മലപ്പുറം | 1 |
| കോഴിക്കോട് | 1 |
| വയനാട് | 1 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 0 |
| ആകെ | **21** |